# <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്</u>

ജില്ല: തിരുവനന്തപുരം

ബ്ലോക്ക് : വാമനപുരം

പഞ്ചായത്ത് : നെല്ലനാട്

വാരഡ് :കീഴായി കോണം , 04

സോഷ്യൽ ഓഡിറ്റ് പീരീഡ്: 01-10-2018 to 31-03-2019

റിപ്പോർട്ട് തയ്യാറാക്കിയത്

ശിവപ്രിയ. വി. എ സ്

---

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള _(MGNSASK)

## 2018-19

---

**ആമുഖം**

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

**<u>സവിശേഷതകൾ</u>**

നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
സ്ത്രീക്കും പുരുഷനും തുല്യ വേതനം

പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന

തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു

ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത

കരാറുകാരെ ഇടനിലക്കാരോ ഇല്ല

പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്

ബാങ്ക് പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം

സ്ത്രീകൾക്ക് മുൻഗണന

കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം

ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിങ്ങിനു വിധേയമാക്കണമെന്ന17(2) വകുപ്പ് നിഷ്കർഷിക്കുന്നു പദ്ധതി പ്രവർത്തന ത്തെപ്പറ്റിയും പൊതു ധനംചിലവഴിക്കുന്നതിനെപ്പറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് ആണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന .തൊഴിലുറപ്പ് നിയമപ്രകാരം വർഷത്തിൽ രണ്ടുതവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്സോഷ്യൽ ഓഡിറ്റ് ലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിന് സത്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ട് എന്നും പണം ചെലവഴിച്ച് അതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്നും ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്ന് സോഷ്യൽ കണ്ടെത്താൻ കഴിയുന്നു

പദ്ധതി ആസൂത്രണ്ണം. നിര്   വഹണം, മോണിറ്ററിംഗ് തുടങ്ങി എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പ ദ്ധതിയിൽ സുഗമവും സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നിലവിൽവന്നു

1.**രീതിശാസ്ത്രം**

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പെര്സണ് പ്രവർ ത്തി ഫയൽ പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളും ആയുള്ള അഭിമുഖം, എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. താഴെ പറയുന്ന രീതി

അവലംബിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഓഡിറ്റ് പ്ലാൻ

ഓഡിറ്റ്  പ്ലാന്      തയ്യാറാക്കല്

ഓഫീസ് സന്ദർശന പരിപാടികൾ

**അഭിമുഖം**

ബിഡിഒ, പഞ്ചായത്ത് പ്രസിഡൻറ്, ജനപ്രതിനിധികൾ, സെക്രട്ടറി & സ്റ്റാഫ്

മേറ്റ്, തൊഴിലാളികൾ, കർഷകർ,

ഫയൽ പരിശോധന

പൊതു പ്രവർത്തികൾ,

രേഖകളുടെ ഉള്ളടക്കം - സുതാര്യത, പരിപൂർണ്ണത

**ഫീൽഡ് സന്ദർശനം, നിരീക്ഷണം**

**റഫറൻസ്**

വികസനരേഖ, വാർഷിക പദ്ധതി രേഖ, എംഐഎസ്, രജിസ്റ്ററുകൾ

**വിവരങ്ങളുടെ ക്രോഡീകരണം**

ക്രോസ് വെരിഫിക്കേഷൻ, അവസാനവട്ട ചർച്ച

കരട് റിപ്പോർട്ട് തയ്യാറാക്കൽ    കരട് റിപ്പോർട്ട് തയ്യാറാക്കൽ

1.കവർ പേജ്

2.ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്

3.ആക്ഷൻ പ്ലാനിങ് ന്റെ കോപ്പി

4.administrative saction

5.ടെക്നിക്കൽ saction

6.detailed എസ്റ്റിമേറ്റ്

7.drawing ആൻഡ് ഡിസൈൻ

8.ഡിമാൻഡ് ഫോം

9.allocation

10.ഈ mastrol

11.മാസ്റ്റോൾ മൂവേമെന്റ്

12.wage ലിസ്റ്റ്

13.ഫണ്ട് ട്രാൻസ്ഫർ ഓർഡർ

14.measurement ബുക്ക്

15.meterial procurement ചാർജ്

16.meterial ബില്ല് procuerment

17.royalty പേയ്മെന്റ്

18.ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫർ

19.geo traker photographs

20.വർക്ക് complition സർട്ടിഫിക്കറ്റ്

21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

22.സൈറ്റ് ഡയറി

**<u>പ്രവൃത്തി ഫയലിലെ 22 രേഖകൾ</u>**

എ .എം സി പ്രകാരം ഒരു പ്രവൃത്തി ഫയലില് താഴെപറയുന്ന ഇരുപത്തിരണ്ടു രേഖകള് നിര് ബ്ബന്ധമായും ഉണ്ടായിരിക്കേണ്ടാതാണ്.

<u>ഓഡിറ്റിന് വിദേയം ആക്കിയ പ്രവർത്തികൾ</u>

_വർക്ക് ഐഡി 1 : LD/314249

: ഗോകുലം പ്രദേശത്തെ മണ്ണ് ജല സംരക്ഷണം പ്രവർത്തികൾ.

വർക്ക് ഐഡി 2 : LD/314246

എറി പാറ പ്രദേശത്തു മണ്ണ് ജല സംരക്ഷണം പ്രവർത്തികൾ

**<u>ഫയൽ തലം</u>**

**<u>. കവർ പേജ്</u>**

സോഷ്യൽ ഓഡിറ്റിനു വിദയമാക്കിയ രണ്ടു പ്രവർത്തി ഫയൽകളിലും മാസ്റ്റർ സർക്കുലർ പ്രകാരം ഉള്ള കവർ പേജ് കാണാൻ സാധിച്ചു. എന്നൽ പ്രവർത്തി ആരംഭിച്ച തീയതി, അവസാനിച്ച തീയതി, ചെലവഴിച തുക തുടങ്ങിയവ രണ്ടു ഫയൽ കളിലും രേഖ പെടുത്തുതിയിട്ടില്ല.

**<u>. ചെക്ക് ലിസ്റ്റ്</u>**

രണ്ടു പ്രവർത്തി ഫയൽകളിലും ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു. പേജ് നമ്പർ രേഖ പെടുത്തിയിരു ന്നില്ല. പേജ് നമ്പർ കൃത്യം ആയി അടയാളപെടുതു ന്നതലൂടെ ഫയൽവിശകലനതിനുള്ള ബുദ്ധി മുട്ട് കുറയ്ക്കൻ കഴിയും.

. **<u>ഭരണ സാങ്കേതിക അനുമതികൾ</u>**

ഭര സാങ്കേതിക അനുമതി കൾ ലഭ്യ മായ പ്രവർത്തികൾ ആയിരുന്നു എല്ലാം. വർക്ക് ഐഡി LD/314246 ൽ ടെക്നിക്കൽ കമ്മറ്റിയിൽ ചെയർ മാൻ, കൺവീനർ സൈൻ ചെയ്തരുന്നില്ല.

**. ഡിമാൻഡ് ഫോം**

തൊഴിൽ ആവശ്യ പെട്ടു കൊണ്ട് നീ ച്ചിതാ അപേക്ഷ ഫോറത്തിലോ വെള്ള പേപ്പറിലോ നൽകുന്ന അപേക്ഷ രണ്ടു ഫയൽ കളിലും കാണാൻ സാധിച്ചു. LD/314249 ഫയൽ രാജൻ, മോളി, സുകുമാരൻ, ഭവാനി, സുശീല, ശോഭന, തങ്കമ്മ, രാധ മണി, അവ്വ ഉമ്മൽ, ബീമാ, രാജമ്മ, അബു ബേക്കർ കുഞ്ഞു, നസീമ ബീവി തുടങ്ങി പതിമൂന്നോളം അപേക്ഷ കൾ കാണാൻ സാധിച്ചു. അതുപോലെ തന്നെ വർക്ക് ഐഡി LD/314246 പ്രവർത്തി ഫയൽ വിമല, മിനി, ബാലയ്യൻ ,ശരദ, subhadra, വസന്ത തുടങ്ങി 11 ഓളം അപേക്ഷകളും ഉണ്ടായിരുന്നു.

തൊഴിൽ ആരംഭിക്കുന്നതിനു മുൻപ് പ്രൊജക്റ്റ് മീറ്റിംഗ് വിളിച്ചു കൂട്ടുകയും അതിൽ യഥ ക്രമം രണ്ടു ഫയൽ കളിലും ആയി 43, 46 എന്നിങ്ങനെ തൊഴിലാളികൾ ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

**. ഡീറ്റൈൽടു എസ്റ്റിമേറ്റ്**

ഒരു പ്രവർത്തി നടപ്പിൽ ആക്കുന്നതിന് മുൻപ് എഞ്ചിനീയർ വിഭാഗം തയ്യാർ ആക്കുന്ന സാങ്കേതിക രേഖ ആയ എസ്റ്റിമേറ്റ് പ്രാദേശിക ഭാഷയിലും കാണാൻ സാധിച്ചു.

**. വേജ് ലിസ്റ്റ്**

മാസ്റ്റർ റോൾ പൂർത്തി കരിക്കുന്ന കൃത്യം ആയ ഇടവേളകളിൽ തന്നെ വേജ് ലിസ്റ്റ് തയ്യാർ ആക്കിയ thai കാണാൻ കഴിഞ്ഞു.

. **വിവിധ khattam ഫോട്ടോസ്**

⭕ പരിശോധന നടത്തിയ പ്രവർത്തി കളിൽ ഒന്നിൽ പോലും ഫോട്ടോകൾ കാണാൻ സാധിച്ചി ല്ല. തൊഴിൽ ഇടവും പ്രവർത്തിയും കൃത്യം ആയി മനസിലാകുന്ന രീതിയിൽ പ്രവർത്തി ആരംഭിക്കുന്നതിനു മുൻപും ഇടയ്ക്കു അവസാനവും ഉള്ള ഫോട്ടോ കൾ കൃത്യതാ യോടെ തയ്യാർ ആകേണ്ടത്ഉണ്ട്. Geo ടാഗ് ഫോട്ടോസ് ഒരു പ്രവർത്തിയിലും കാണാൻ സാധിച്ചില്ല.

⭕AMC പ്രകാരം ഉള്ള സുപ്രദാന രേഖകൾ ആയ AS, TS, മാസ്റ്റർ റോളുകൾ, സൈറ്റ് ഡയറി, m ബുക്ക് എന്നിവ രണ്ടു ഫയൽ കളിലും കാണാൻ സാധിച്ചു.

🔰വർക്ക് ഐഡി LD/314249 മണ്ണ് ജല സംരക്ഷണം എന്ന വർക്ക് ഫയൽ നിരീക്ഷണം നടത്തിയപ്പോൾ 29-01-2019 മുതൽ 20/03/2019 വരെയുള്ള കാല അളവിൽ 915 തൊഴിൽ ദിനങ്ങൾ കൊണ്ട് വർക്ക് പൂർതികരിച്ചതായി അറിയാൻ സാധിച്ചു. സാങ്കേതിക അനുമതി രേഖ 273802 രൂപയും m ബുക്ക് പ്രകാരം 270038 രൂപയും ചെലവ്ക്കി.ഡിസ്പ്ലേ ബോർഡ് നായി 3000 രൂപ 🔰അനുവദിച്ചു.

വർക്ക് ഐഡി LD/ 314246 മണ്ണ് ജല സംരക്ഷണം ഫയൽ 14-11-2018 മുതൽ 11 മാസ്റ്റർ റോളുകൾ ആയി 961 തൊഴിൽ ദിനങ്ങൾ കൊണ്ട് വർക്ക് purthi karichathai കണ്ടെത്തി.

എസ്റ്റിമേറ്റ് തുക 285318/- m ബുക്ക് പ്രകാരം 270038 രൂപയും ചെലവാക്കി. 3000 രൂപ ഡിസ്പ്ലേ ബോർഡ്ന് അനുവദിച്ചു.

**<u>ഫീൽഡ് തലം</u>**

<u>വർക്ക് ഐഡി 314246</u>

* വാർഡിലെ 11 പേരുടെ പ്രദേശത്തു m ബുക്കിൽ കണ്ട 19 മഴ കുഴികളും കാണാൻ സാധിച്ചു. എന്നാൽ അവയിൽ 6 കുഴികളോളം ഭാഗികം ആയി മൂടിയ നിലയിൽ ആയിരുന്നു. 4 കുഴികൾ m ബുക്കിൽ പറഞ്ഞിരുന്ന അളവിൽ നിന്നും വ്യത്യാസവും ആയിരുന്നു.

* m ബുക്കിൽ രേഖ പെടുത്തിയ പ്രകാരം 3 മീറ്റർ നീളവും 3 മീറ്റർ വീതിയും 1.5 മീറ്റർ ആഴവും ഉള്ള 11 കമ്പോസ്റ്റ് കുഴികളുടെ സ്ഥാനത്തു 6 കമ്പോസ്റ്റ് കുഴി കൾ കാണാൻ സാധിച്ചു. ഇവിടെ പൊതു നഷ്ടം 9841.5 ആയി കണക്കാക്കാം.

* കല്ല് അടുക്കുകൾ 485 മീറ്റർ നീളത്തിൽ വളരെ ഭംഗി ആയി ഫീൽഡിൽ ദൃശ്യം ആയി

* m ബുക്കിൽ രേഖ പെടുത്തിയ പ്രകാരം 30 മീറ്റർ നീളവും 1.5 മീറ്റർ വീതിയും ഉള്ള ജൈവ വേലി ഫീൽഡിൽ എങ്ങും തന്നെ കാണാൻ കഴിഞ്ഞില്ല.

ഇവിടെ പൊതു നഷ്ടം 365.85 രൂപ ആയി കണക്കാക്കാം.

* 37 വാഴ കുഴികൾ അധികം ആയി കാണാൻ സാധിച്ചു.

**<u>വർക്ക് ഐഡി LD/314249</u>**

* 1.5 മീറ്റർ നീളം 1.00 മീറ്റർ വീതി.800 ആഴത്തിൽ ഉള്ള 15 മഴ കുഴികൾ കാണാൻ സാധിച്ചു.

* 11 കമ്പോസ്റ്റ് കുഴികളുടെ സ്ഥാനത്തു ഫീൽഡിൽ 8 മഴ കുഴികൾ കാണാൻ സാധിച്ചു. ഇവിടെ പൊതു നഷ്ടം 5904.9 രൂപ ആയി കണക്കാക്കാം.

* കല്ല് അടുക്കുകൾ 480 മീറ്റർ നീളത്തിൽ കാണാൻ സാധിച്ചു. ബാക്കി ഉള്ളവ തകർന്ന നിലയിൽ ആയിരുന്നു.

* 47 മീറ്റർ നീളത്തിൽ ഉള്ള ജൈവ വേലി ശോഭന എന്ന തൊഴിലാളിയുടെ പുരയിടത്തിൽ മാത്രമേ ചെയ്തുള്ളു എന്ന് mat അറിയിച്ചു.

* 50 മീറ്റർ നീളത്തിലും 1.5 മീറ്റർ വീതിയിലും ഉള്ള 4 ജൈവ വേലികൾ ഫീൽഡിൽ കാണാൻ സാധിച്ചില്ല.

ഇവിടെ പൊതു നഷ്ടം 2439 രൂപയാണ്.

* 82 ഓളം വാഴ കുഴികൾ അധികം ആയി ഫീൽഡിൽ കാണാൻ സാധിച്ചു.

**<u>രെജിസ്റ്റെഴ്സ്</u>**

കേന്ദ്ര സർക്കാർന്റെ നിർദേശം പ്രകാരം ഒരു പഞ്ചായത്തിൽ നിർബന്ധം ആയും 7 രജിസ്റ്റർ കൾ സൂക്ഷിക്കേണ്ടത് ആണ്.

1. തൊഴിൽ കാർഡ് രജിസ്റ്റർ
2. ഗ്രാമ സഭ രജിസ്റ്റർ
3. തൊഴിൽ അപേക്ഷ രജിസ്റ്റർ
4. വർക്ക് രജിസ്റ്റർ
5. ആസ്തി രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. മെറ്റീരിയൽ രജിസ്റ്റർ

AMC പ്രകാരം ഉള്ള ഈ 7 രജിസ്റ്റർ കളും കംപ്ലീറ്റ് ആയിരുന്നു.

**കണ്ടെത്തലുകൾ**

1, തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിന് വേണ്ടി ഉള്ള സുപ്രദാന ഉപാധി ആയ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് m ബുക്കിൽ 3000 രൂപ വീതം പറയുന്നു എങ്കിലും സൈറ്റിൽ എങ്ങും തന്നെ ദൃശ്യം ആയില്ല. മാത്രവുമല്ല ഇതിനായി തൊഴിലാളികളിൽ നിന്നും 100 രൂപ വീതം പിരിച്ചതായും അറിയാൻ കഴിഞ്ഞു.

2, തൊഴിലുറപ്പ് നിയമം അനുശാസിക്കും പ്രകാരം തൊഴിലാളികൾക്ക് പ്രവർത്തി ഇടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യ മാകുന്നില്ല. പ്രഥമ സുശ്രുഷാ സംവിധാനങ്ങൾ ടാർപ്പോളിൻ എന്നിവ തൊഴിലാളികൾ സ്വന്തം നിലക്ക് വാങ്ങിയതായി അറിയാൻ കഴിഞ്ഞു.

3, ഒരു വർക്ക് കഴിഞ്ഞു ഫണ്ട് ലഭിക്കാൻ കാല താമസം എടുക്കുന്നു.

4, സന്ദർശനം നടത്തിയ സൈറ്റ് കളിൽ എല്ലാം വളരെ കെട്ടുറപ്പ് ഉള്ള കല്ല് അടുക്കുകൾ കാണാൻ കഴിഞ്ഞത് അഭിനന്ദനങ്ങൾ അർഹിക്കുന്നത് ആണ്.

**ജാഗ്രത മേൽനോട്ട സമിതി**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട സംഘടനാപരമായ ഒരു വിഭാഗമാണ് ജാഗ്രത മേൽനോട്ട സമിതി.2018-19 മാസ്റ്റർ സർക്കുലർ പ്രകാരം ജാഗ്രത മേൽനോട്ട സമിതിയിൽ സമൂഹത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുകയും ജനസമ്മതനായ ഒരു വ്യക്തിയും ഒരു ജനപ്രതിനിധിയും വനിതകളും ഉൾപ്പെടുന്ന അഞ്ചുമുതൽ 7 വരെ അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കുന്നത് ഗ്രാമസഭയിൽ വെച്ചാണ്. വാർഡ് തലത്തിൽ സ്വീകരിക്കേണ്ട ഈ കമ്മിറ്റിയിൽ അധ്യാപകർ, ആശാവർക്കേഴ്സ്, സഹായ സംഘങ്ങളിൽ നിന്നും ജോയിൻ ലൈബിലിറ്റി അംഗങ്ങൾ, യൂത്ത് ക്ലബ് അംഗങ്ങൾ, സൊസൈറ്റി അംഗങ്ങൾ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ നിന്നുള്ള അംഗങ്ങൾ ആയിരിക്കണം വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി ഉൾപ്പെടുത്തേണ്ടത് പ്രാതിനിധ്യ സ്വഭാവത്തോടെ കൂടി ജനങ്ങളിൽനിന്ന് തെരഞ്ഞെടുക്കുന്ന കമ്മിറ്റിയുടെ കാലാവധി ചുരുങ്ങിയത് ആറു മാസം കാലവും പരമാവധി ഒരു വർഷവുമാണ് പ്രവർത്തിപ്രവൃത്തി നടക്കുമ്പോഴും വൃത്തിയാക്കുമ്പോഴും ഈ

സമിതിക്ക് പ്രവർത്തി പരിശോധിക്കുവാനും തിരുത്തൽ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ പഞ്ചായത്തിലെ രേഖാമൂലം അറിയിക്കാവുന്നതാണ് ഈ റിപ്പോർട്ടുകൾ വർക്ക് ഫയലിനെ ഭാഗമായി ഇരിക്കുന്നതും ഒരു കൺകറന്റ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എന്ന നിലയിൽ പിന്നീട് ഗ്രാമസഭ നടത്തുന്ന സോഷ്യൽ ഓഡിറ്റ് ഇത് സഹായകമാവുകയും ചെയ്യും.

* നിലവിൽ വർക്ക് ഐഡി LD/314249 ഫയൽ നിന്നും

1.ബിനു

2.അനി

3.നന്ദിത

4.ശാലിനി

5.പ്രിയ - എന്നിവരാണ് .V.M.C അംഗങ്ങൾ എന്ന് മനസിലായി.

എന്നാൽ വർക്ക് ID LD/314246 - ൽ 4 V.M.C അംഗങ്ങൾ ആണ് ഉണ്ടായിരുന്നത്.

1. നന്ദിത മോഹൻ

2. പ്രിയ. എ. സ്

3.തങ്ക രാജൻ

4.ബിന്ദു. എ. സ്

*__തൊഴിൽ കാർഡ് പരിശോധന__*

*തൊഴിൽ കാർഡ് ഒരു ആധികാരിക രേഖ യാണ്. പരിശോധിച്ച തൊഴിൽ കാർഡുകൾ എല്ലാം പുതിയത് ആയിരുന്നു. അവയെല്ലാം തന്നെ തൊഴിലാളികൾ ആണ് സൂക്ഷിക്കുന്നത് എന്ന് അറിയാൻ കഴിഞ്ഞു.*

**__നിര്ദേശങ്ങള്__**

1.പ്രാദേശിക ഭാഷയിലുള്ള എസ്റ്റിമേറ്റും പ്രവൃത്തി സ്ഥലങ്ങളില് ലഭ്യമാക്കണം.

2.തൊഴിലുറപ്പില് അനുവദനീയമായതും മുന് ഗണന ക്രമത്തിലും പ്രവ്യത്തികള് ഏറ്റെടുക്കാന് ശ്രദ്ധിക്കേണ്ടതുണ്ട്.

3.ഉദ്യോഗസ്ഥര് രേഖകളില് ഒപ്പുവെക്കുമ്പോള് തീയ്യതി കൂടി രേഖപ്പെടുത്തേണ്ടാതാണ്.

4.വിജിലന് സ് ആന് ഡ് മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങളെ ഓരോ ആറുമാസം കൂടുമ്പോള് തിരഞ്ഞെടുക്കേണ്ടതാണ്. വിഎംസിയുടെ അഭിപ്രായങ്ങള് സൈറ്റ് ഡയറിയില് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

4.തൊഴിലുറപ്പില് ഏറ്റെടുക്കുന്ന പ്രവ്യത്തികളുടെആസ്തികള് ദീര് ഘകാല നിലനില് പ്പിന് ആവശ്യമായ സാങ്കേതിക നിര് ദ്ദേശങ്ങള് തൊഴിലാളികള് ക്ക് ഓവര് സീയര് മാര് നല് കേണ്ടതും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

5.തൊഴിലിടങ്ങളില്‍ അടിസ്ഥാന സൌകര്യങ്ങള്‍ നിര്‍ബന്ധമായും ഒരുക്കണം.

6.മണ്ണ്ജലസംരക്ഷണ പ്രവര്‍ത്തികളില്‍ ഏറ്റെടുക്കുമ്പോള്‍ പ്രവര്‍ത്തി കാലാനുസൃതമാണെന്ന് ഉറപ്പുവരുത്തണം.

---

സോഷ്യല്‍ ഓഡിറ്റ് പ്രവര്‍ത്തന ങ്ങളില്‍ പങ്കാളികള്‍ ആയവര്‍

**തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥര്‍**
**വാര്‍ഡിലെ തൊഴിലാളികള്‍**
**മേറ്റ് മാര്‍**
**പഞ്ചായത്ത് ഭരണ സമിതി അംഗങ്ങള്‍**
**പഞ്ചായത്ത് ഉദ്യോഗസ്ഥര്‍**
**കുടുംബശ്രീ പ്രവര്‍ത്തകര്‍**

അനുബന്ധം- 1-

**തൊഴിലുറപ്പുപദ്ധതിയിൽഏറ്റെടുത്ത്ചെയ്യാൻപറ്റിയപ്രവൃത്തികൾ**

1. **വിഭാഗംഎ :**പ്രകൃതിവിഭവപരിപാലനവുമായിബന്ധപ്പെട്ടപൊതുപ്രവൃത്തികൾ
2. **വിഭാഗംബി:**
   സമൂഹത്തിൽഅവശതഅനുഭവിക്കുന്നവിഭാഗങ്ങൾക്കുള്ളവ്യക്തിഗതആസ്തികൾഖണ്ഡിക 5ൽപരാമർശിക്കുന്നകുടുംബങ്ങൾക്ക്മാത്രം
3. **വിഭാഗംസി:**
   ദേശീയഗ്രാമീണഉപജീവനമിഷൻനിബന്ധനകൾഅനുസരിക്കുന്നസ്വയംസഹായസംഘങ്ങൾക്ക്പൊതുഅടിസ്ഥാനസൗകര്യങ്ങൾ
4. **വിഭാഗംഡി:** ഗ്രാമീണഅടിസ്ഥാനസൗകര്യങ്ങൾ

അനുബന്ധം: **വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകള്‍ .**

**മേറ്റ് മാരുടെ ചുമതലകള്‍ .**

പ്രവൃത്തി സ്ഥലങ്ങളില്‍ പ്രവൃത്തിയുടെ മേല്‍നോട്ടം.

തൊഴില് കാര് ഡില് ആവശ്യമുള്ള വിവരങ്ങള് രേഖപ്പെടുത്തുക.

മസ്റ്റര് റോളില് തൊഴിലാളികളുടെ ഹാജര് ഉറപ്പു വരുത്തുക.

മേറ്റ്മാരുടെ പരിശീലനങ്ങളില് പങ്കെടുക്കുക. അറിവുകള് തൊഴിലാളികളുമായി പങ്കുവെക്കുക

പ്രവൃത്തി ഇടങ്ങളില് ആവശ്യ മായ സൌകര്യങ്ങള് ഉണ്ടോ എന്ന് ഉറപ്പു വരുത്തുക

സൈറ്റ് ഡയറിയില് മോണിറ്ററിംഗിന് വരുന്ന ഉദ്യോഗസ്ഥരെ കൊണ്ട് ഒപ്പ് വയ്പ്പിക്കണം

തൊഴിലാളികള് ക്ക് അവരുടെ പത്തു അവകാശങ്ങളെ കുറിച്ച് പറഞ്ഞു കൊടുക്കുകയും അവരെ ബോധാവത്കരിക്കുകയും ചെയ്യുക

പുതിയ തൊഴില് ഇടങ്ങള് കണ്ടെത്തുവാനും പുതിയ തൊഴില് ആസൂത്രണം ചെയ്യുവാനും തൊഴിലാളികളെ സഹായിക്കുക .

കൃത്യമായി സോഷ്യല് ഓഡിറ്റ് ഗ്രാമസഭയിലും,പ്രൊജക്റ്റ് മീറ്റിങ്ങിലും പരിശീലന ക്യാമ്പിലും പങ്കെടുക്കുക.

മറ്റു തൊഴിലാളികള് ക്ക് കൂടി മേറ്റ് ന്റെ ചുമതലകളിലേക്ക് കടന്നു വരാനുള്ള സാഹചര്യം ഉണ്ടാക്കുക

തൊഴിലാളികളുമായി നിരന്തര സമ്പര് ക്കം പുലര് ത്തുകയും കൂടുതല് ബന്ധം സ്ഥാപിക്കുകയും ചെയ്യുക.

**ഓവര് സീയര് /എഞ്ചിനീയര്**

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കല് .

പ്രവൃത്തിയുടെ സാങ്കേതിക കാര്യങ്ങളും അളവുകളും തൊഴിലാളികള് ക്ക് പറഞ്ഞു കൊടുക്കുക.

പ്രവൃത്തിയുടെ അളവുകള് രേഖപ്പെടുത്തി കൂലിനല് കുന്നതി നാവശ്യമായ നടപടികള് ചെയ്യുക.

**പഞ്ചായത്ത് സെക്രട്ടറി /അസിസ്റ്റന് റ് സെക്രട്ടറി**

പദ്ധതിയുടെ മേല് നോട്ടം.

ബില്ലുകള് അംഗീകരിക്കല് .

തൊഴിലാളികളുടെ വേതനം യഥാസമയം അവരുടെ എക്കൌണ്ടില് എത്തിയെന്നത് ഉറപ്പു വരുത്തല് .

മസ്റ്റര് റോള് സാക്ഷ്യപ്പെടുത്തി തൊഴില് അനുമതി നല് കുക,

**ചർച്ചയിൽ ഉയർന്നു വന്ന ചോദ്യങ്ങൾ**

1.സുരേന്ദ്രൻ എന്ന തൊഴിലാളി, തനിക്കു ജോലി ചെയ്തു ഇതുവരെ ആയിട്ടും 15 ദിവസത്തിന് ഉള്ളിൽ വേദനം ലഭ്യമായട്ടില്ല എന്ന് അഭിപ്രായപ്പെട്ടു.

AE ഇതിനു മറുപടി ആയി പറഞ്ഞത് പഞ്ചായത്ത് ൽ നിന്നുംമസ്ട്രൾ കാലാധി കഴിഞ്ഞു മൂന്നുനാല് ദിവസത്തിന് ഉള്ളിൽ തന്നെ ഓൺലൈൻ വർക്ക് എല്ലാം ചെയ്തു മുകളിലേക്കു അയക്കുന്നുണ്ട്. എന്നാൽ കേന്ദ്ര സർക്കാറിൽ നിന്നും ഫണ്ട് ലഭിക്കാൻ വൈകുന്നതിനാൽ തൊഴിലാളി കൾക്ക് കൂലി ലഭിക്കുന്നതിനും താമസം വരുന്നു.

2. അപ്പു നാടാർ - പുതിയ ബുക്ക് കിട്ടിയില്ല

1200 ഓളം കാർഡുകൾ മാത്രമേ ആദ്യ ഘട്ടത്തിൽ പഞ്ചായത്തിൽ ലഭ്യമായുള്ളു. അത് പഞ്ചായത്തിൽ ഉള്ള മുഴുവൻ വാർഡ് കളിലും ആയി വിതരണം ചെയ്തപ്പോൾ തീർന്നു പോയി. സ്റ്റോക്ക് വരുന്ന മുറക്ക് എല്ലാവർക്കും ലഭ്യമാക്കും.

3. ചെറു പെണ്ണ് - ജോലി കിട്ടുന്നില്ല

തൊഴിൽ കണ്ടെത്തി വരാനും വന്നാൽ അവർക്ക് 100 ദിവസതെ പണി നൽകാം എന്നും അറിയിച്ചു.

4. ശാന്ത, വിമല - ലൈഫ് പദ്ധതിയിൽ തൊഴിലുറപ്പ് വേദനം കിട്ടിയില്ല

മാസ്റ്റർ റോളിൽ ഇതു വരെ അവർ സൈൻ ചെയ്തിട്ടില്ല, പഞ്ചായത്തിൽ വന്ന് അന്നോഷിക്കണം എന്ന് മറുപടി നൽകി.

5. ആരിഫ - പുരയിടം പണി വേണം.

തൊഴിലുറപ്പ് പദ്ധതിയിൽ പുരയിടം പണി, കാട് പറിക്കൽ, എന്നിവ നിർത്തലാക്കി.

6. ശാരദ - APL റേഷൻ കാർഡ് ഉള്ളവർക്ക് പണി ചെയ്യാമോ?

Apl ലിസ്റ്റിൽ ഉള്ളതും കടാശ്വാസ ലിസ്റ്റിൽ ഉള്ളവരുടെയും പുരയിടത്തിൽ തൊഴിൽ ചെയ്യാം.

7. സുബൈദ - മാസ്റ്റർ റോൾ ഇല്ലാതെ റോഡ് അരുകിൽ തൈ നടൽ പ്രവർത്തി ലഭിച്ചു. പണി ചെയ്തു. കൂലി ലഭിച്ചില്ല

പരിഗണക്കാൻ ശ്രമിക്കാം എന്ന് മറുപടി AE നൽകി.

8. ലീല - റോഡ് സംരക്ഷണം ചെയ്യുക

A, പഞ്ഞിയൂർ റോഡ്

B, വെളുത്ത പാറ റോഡ്

C, മുള വെട്ട് പറമ്പ് - കരിഞ്ഞതി റോഡ്

D, പ്ലാപട്ടി - മുള വെട്ട് പറമ്പ്

9. ഷീബ - ഉദിമൂട് റോഡ് സൈഡ് വാൾ

ഈ പ്രവർത്തി തൊഴിലുറപ്പിൽ ഇല്ല.

10. പ്രിയ - റോഡിനു ഇരു വശവും ഉള്ള കാട് ചെത്തൽ വേണം.

കാട് വെട്ടൽ പ്രവർത്തി തൊഴിലുറപ്പിൽ നിന്നും ഒഴിവാക്കി ഇരിക്കുന്നു.

മഴ കുഴി, കല്ല് അടുക്കും, കമ്പോസ്റ്റ് കുഴി തുടങ്ങിയവ, പ്രവർത്തികൾ ചെയ്യുവാനുള്ള സ്ഥലം കണ്ടെത്തി വന്നാൽ ഉടനെ പണി നൽകാം എന്ന് AE കൂട്ടി ചേർത്തു.

എല്ലാവരുടെയും സംശയങ്ങൾക്കും മറുപടിക്കും ശേഷം AE കൃതജ്ഞത രേഖ പെടുത്തി.

ശേഷം ദേശീയ ഗാനത്തോടെ 5 മണിക്ക് സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭ നടപടികൾ അവസാനിപ്പിച്ചു.

---

**<u>ഉപസംഗ്രഹം</u>**

പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഭൂമിയെ പുനരുജ്ജീ വി പ്പിക്കുന്നതിനും അതുവഴി സുസ്ഥിര വികസനം സാധ്യമാകുന്നതിനും ലക്ഷ്യം വെച്ചിട്ടു ള്ള തൊഴിലുറപ്പു പദ്ധതിയുടെ പ്ലാനിംഗ് , നടത്തിപ്പ് എന്നിവ സാമൂഹിക പാരിസ്ഥിക മാനദണ്ഡങ്ങൾ

പാലിച് കൊണ്ട് ശാസ്ത്രീയ മായിത്തന്നെ നടപ്പിലാക്കേണ്ടതുണ്ട്. എങ്ങനെയെങ്കിലും പ്രവർത്തി കൾ നടപ്പിലാക്കി ചെലവ് കൂട്ടുക എന്നും തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കൂട്ടുക എന്നും മാത്രമാവരുത് നിലപാടുകൾ. വ്യക്തമായ കാഴ്ചപ്പാടില്ലാതെ അശാസ്ത്രീയമായ രീതിയിൽ പ്രവർത്തികൾ തെരെഞ്ഞെടുക്കുന്നതും ചെയ്യുന്നതും , കാലാനുസൃതമല്ലാത്ത പ്രവർത്തികൾ ചെയ്യുന്ന തും ഇതിന്റെ യഥാർത്ഥ ലക്ഷ്യത്തെ കളങ്കപ്പെടുത്തുന്നതായി വിഷമത്തോടെ നോക്കി നിൽക്കേ ണ്ടി വരുന്നത് ആശങ്കാജനകമാണ്. ഈ സാമൂഹിക പരിശോധന ഒരു ഉയിർത്തെഴുന്നേൽപ്പിനു സാധ്യമാകുന്ന പ്രത്യാശയോടെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.